# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2130 06.10.2016 ൽ മറുപടിക്ക്

### കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ദാസൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്, , പാലം, കെട്ടിടം, എൻ.എച്ച്.വിഭാഗങ്ങളുടെ കീഴിൽ നടന്ന് വരുന്നതും പുതുതായി അംഗീകാരത്തിനായി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും സമർപ്പിക്കാനിരിക്കുന്നതുമായ വിവിധ വികസന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ? | (എ) ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ കി.മീ 203/000 മുതൽ 231/000 വരെ ഷോൾഡർ പേവ്മെന്റിന് 13 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2016-17 ലെ ഉപരിതലം പുതുക്കുന്ന പദ്ധതിയുടെ ലിസ്റ്റിൽ കി.മീ.215/000 മുതൽ 231/000 വരെയുള്ള പ്രവൃത്തി ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. കൂടാതെ കൊയിലാണ്ടി ടൗൺ നവീകരിക്കുന്നതിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ വിശദാംശം അനുബന്ധം -I ആയും കെട്ടിട വിഭാഗത്തിന്റെ വിശദാംശം അനുബന്ധം II ആയും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

നിരത്തുകളും പാലങ്ങളും

<u>*കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തി*</u>

പയ്യോളി-പേരാമ്പ്ര റോഡിൽ കി.മീ 0/000 മുതൽ
5/000 വരെ അഭിവൃദ്ധിപ്പെടുത്തൽ - 300 ലക്ഷം

<u>*പുതുതായി അംഗീകാരാത്തിനായി തയ്യാറാക്കി സമർപ്പിച്ച പദ്ധതി*</u>

പയ്യോളി-പേരാമ്പ്ര റോഡിൽ കി.മീ 0/000 മുതൽ
18/105 വരെ അഭിവൃദ്ധിപ്പെടുത്തൽ- 36.00 കോടി

<u>*സമർപ്പിക്കാനിരിക്കുന്ന പദ്ധതികൾ:*</u>

1. കാപ്പാട്-തുഷാരഗിരി-അടിവാരം റോഡിൽ കി.മീ 0/000 മുതൽ 6/300 വരെ ബി.എം & ബി.സി ഉൾപ്പെടെയുള്ള പരിഷ്ക്കരണം.
2. കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡിൽ കി.മീ 0/000 മുതൽ 9/630 വരെ ബി.എം & ബി.സി ഉൾപ്പെടെയുള്ള പരിഷ്ക്കരണം
3. കൊയിലാണ്ടി-മുത്താമ്പി-അരിക്കുളംമ-അഞ്ചാംപീടിക റോഡ് കി.മീ 0/000 മുതൽ 14/150 വരെ. ബി.എം. & ബി.സി ഉൾപ്പെടെയുള്ള പരിഷ്കരണം.

സെക്ഷൻ ഓഫീസർ

അനുബന്ധം - II

# കെട്ടിടം

കൊയിലാണ്ടി മണ്ഡലത്തിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (Rs. In lakhs) |
|---|---|---|
| 1 | കൊയിലാണ്ടി കോടതി സമുച്ചയം - പുതിയ കെട്ടിടനിർമ്മാണം | 100 |
| 2 | കൊയിലാണ്ടി ഗവ. മാപ്പിള ഹയർ സെക്കന്ററി സ്കൂൾ - കെട്ടിടനിർമ്മാണം | 100 |
| 3 | കൊയിലാണ്ടി ഗവൺമെന്റ് ഐ.റ്റി.ഐ - വർക്ക്ഷോപ്പ് - പുതിയ കെട്ടിടനിർമ്മാണം | 30 |
| 4 | കൊയിലാണ്ടി മുനിസിപ്പാലിറ്റി - പുളിയഞ്ചേരി പബ്ലിക് ഹെൽത്ത് സെന്റർ - കെട്ടിടനിർമ്മാണം | 25 |
| 5 | കൊയിലാണ്ടി കോതമംഗലം ഗവൺമെന്റ് എൽ.പി സ്കൂൾ - പുതിയ ബ്ലോക്ക് നിർമ്മാണം | 25 |
| 6 | ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ശ്മശാന നിർമ്മാണം | 40 |
| 7 | കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം | 200 |

പുതുതായി സമർപ്പിക്കാനിരിക്കുന്ന പദ്ധതികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
|---|---|---|
| 1 | കൊയിലാണ്ടി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം | 10 |
| 2 | കൊയിലാണ്ടി പൊതുമരാമത്ത്വകുപ്പ് കോമ്പൗണ്ടിൽ പുതിയ കെട്ടിടനിർമ്മാണം | 5 |
| 3 | കൊയിലാണ്ടി മൈനർ ഇറിഗേഷൻ പുതിയ കെട്ടിടനിർമ്മാണം | 1.5 |
| 4 | ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം | 1 |
| 5 | കൊയിലാണ്ടി ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പ്രീപ്രൈമറി സ്കൂളിന് കെട്ടിടനിർമ്മാണം | 1.5 |
| 6 | പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം | 1.5 |
| 7 | കൊയിലാണ്ടി ഗവൺമെന്റ് ആശുപത്രി കാന്റീൻ നിർമ്മാണം | 1 |
| 8 | പുളിയഞ്ചേരി ഗവൺമെന്റ് ആശുപത്രി കെട്ടിട നിർമ്മാണം | 6 |
| 9 | കൊയിലാണ്ടി മൃഗാശുപത്രി കെട്ടിടനിർമ്മാണം | 1.5 |
| 10 | സയൻസ് ബ്ലോക്ക് ഗവൺമെന്റ് ഗവൺമെന്റ് ജി.എച്ച്.എസ്.എസ്, കൊയിലാണ്ടി (ഭരണാനുമതിക്കായി സമർപ്പിക്കാനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു) | 4.1 |

സെക്ഷൻ ഓഫീസർ